"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ- തദ്ദേശ സ്വയംഭരണവകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന മാലിന്യ ശേഖരണ, സംഭരണ സംസ്കരണ നടപടികളുടെ മോണിറ്ററിങ് - വിവിധ തലങ്ങളിൽ മോണിറ്ററിങ് സംവിധാനങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.69/2025/LSGD തീയതി,തിരുവനന്തപുരം, 07-01-2025

പരാമർശം:-
1. സ.ഉ.(സാധാ) നം. 867/2023/LSGD, തീയതി 12-04-2023
2. നടപടിക്രമം നമ്പർ LSGD/PD/30112/2023-PH1 തീയതി 23/05/2023
3. സ.ഉ.(സാധാ) നം.2562/2023/LSGD,തീയതി 23-12-2023
4 സർക്കുലർ നം. ഡബ്ല്യു.എം1/152/2024/ LSGD, തീയതി 29-08-2024
5 സ.ഉ.(സാധാ)നം. 1844/2024/LSGD തീയതി, 03-10-2024

**<u>ഉത്തരവ്</u>**

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26.07.2024ന് നടന്ന യോഗത്തിൽ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ആരംഭിക്കുവാൻ തീരുമാനിച്ചു, 2024 ഒക്ടോബർ 2 ഗാന്ധിജയന്തിവാരത്തിൽ ആരംഭിച്ച് 2025 മാർച്ച് 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിൽ അവസാനിക്കുന്ന വിധത്തിലാണ് പ്രസ്തുത ക്യാമ്പയിൻ വിഭാവനം ചെയ്തിരിക്കുന്നത്. ഈ യോഗ തീരുമാന പ്രകാരം ക്യാമ്പയിന്റെ ഭാഗമായി നടത്തേണ്ട തുടർ പ്രവർത്തനങ്ങൾ അംഗീകരിച്ച് പരാമർശം (5) പ്രകാരം ഉത്തരവായി. പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ, മാലിന്യ ശേഖരണ-സംഭരണ- സംസ്കരണ സംവിധാനങ്ങളുടെ സമ്പൂർണ്ണതയും സുസ്ഥിരതയും പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉറപ്പാക്കുക വഴി, സമയബന്ധിതമായി കൈവരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കേണ്ടതുണ്ട്. അതിനുള്ള മേൽനോട്ട ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിനാണ്.

**2.** അപ്രകാരമുള്ള മേൽനോട്ടപ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കുന്ന ഘടനയിൽ യൂണിറ്റുകൾ വിവിധ തലങ്ങളിലായി രൂപീകരിക്കുവാൻ നിശ്ചയിച്ചുകൊണ്ടും അവയുടെ ചുമതലകൾ നിർവ്വചിച്ചുകൊണ്ടും ഉത്തരവാകുന്നു.

**I . പ്രോജക്റ്റ് മാനേജ്മെന്റ് & മോണിറ്ററിങ് യൂണിറ്റ്**

| | | |
|---|---|---|
| 1 | സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | അധ്യക്ഷൻ |
| 2 | പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് | കൺവീനർ |
| 3 | പ്രോജക്റ്റ് ഡയറക്ടർ, കെ. എസ്. ഡബ്ല്യു എം. പി | അംഗം |

| | | |
|---|---|---|
| 4 | എക്സിക്യൂട്ടിവ് ഡയറക്ടർ, ശുചിത്വ മിഷൻ | അംഗം |
| 5 | എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ | അംഗം |
| 6 | എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ. കെ. എം | അംഗം |
| 7 | ഡയറക്ടർ ജനറൽ, കില | അംഗം |
| 8 | മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി | അംഗം |
| 9 | മിഷൻ ഡയറക്ടർ,<br>എം. ജി.എൻ.ആർ.ഇ.ജി.എസ് | അംഗം |

ചുമതലകൾ

മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധിത നിർവഹണം, സമ്പൂർണ്ണതയും സുസ്ഥിരതയും ഉറപ്പാക്കൽ, സംസ്ഥാന തല അവലോകനം, പരിഹാര നിർദ്ദേശങ്ങൾ

**II. സംസ്ഥാന തല വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റ്**

നിലവിൽ സംസ്ഥാന കാമ്പയിൻ സെക്രട്ടേറിയറ്റായി പ്രവർത്തിക്കുന്ന ടീം സംസ്ഥാനതല വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയറ്റായി സ്പെഷ്യൽ സെക്രട്ടറിയുടെ ഓഫീസിന്റെ ഭാഗമായി പ്രവർത്തിക്കുന്നതാണ്.

ചുമതല

- പ്രോജക്റ്റ് മാനേജ്മെന്റ് & മോണിറ്ററിങ് യൂണിറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആസൂത്രണപരവും സാങ്കേതികവും സംഘടനാപരവുമായ പിന്തുണ, മേൽനോട്ടം, അവലോകനം, പരിഹാര നിർദ്ദേശങ്ങൾ
- വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റ്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ൽ നിന്നും ദ്വൈവാര റിപ്പോർട്ട് ലഭ്യമാക്കി പ്രോജക്റ്റ് മാനേജ്മെന്റ് & മോണിറ്ററിങ് യൂണിറ്റ് -ന് സമർപ്പിക്കുക

ക്യാമ്പയിൻ കാലഘട്ടത്തിലേക്ക് മാത്രമായി ക്രമീകരിച്ചിട്ടുള്ള പ്രത്യേക സംവിധാനമാണ് ഗവ.സെക്രട്ടേറിയേറ്റിനകത്ത് പ്രവർത്തിക്കുന്ന സംസ്ഥാന വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റ്.

**III. വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റ്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്**

| | | |
|---|---|---|
| 1 | ജോയിന്റ് ഡയറക്ടർ, SWAG Cell, LSGD | കൺവീനർ |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | അംഗം |
| 3 | അസിസ്റ്റന്റ് ഡയറക്ടർ(റൂറൽ) | അംഗം |
| 4 | അസിസ്റ്റന്റ് ഡയറക്ടർ (അർബൻ) | അംഗം |
| 5 | ജൂനിയർ സൂപ്രണ്ട് | അംഗം |
| 6 | സീനിയർ ക്ലർക്ക് (2 പേർ ) | അംഗം |
| 7 | ക്ലർക്ക് (3 പേർ ) | അംഗം |

ചുമതലകൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ദൈനംദിന മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു എന്ന് മോണിറ്റർ ചെയ്ത് ഉറപ്പ് വരുത്തുക
- ശുചിത്വ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ ക്യാമ്പയിൻ കാലയളവിലും അതിനുശേഷവും ഫലപ്രദമായി നടപ്പിലാക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് റൂറൽ, അർബൻ തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുക
- ഈ സെല്ലിന് നിയമപരവും സാങ്കേതികപരവുമായ സഹായത്തിന് സംസ്ഥാന വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടറിയേറ്റുമായി ചേർന്ന് പ്രത്യേക ക്രമീകരണങ്ങൾ പ്രോജക്ട് മാനേജ്മെന്റ് & മോണിറ്ററിങ് യൂണിറ്റ് -ന്റെ അനുവാദത്തോടെ നടത്താവുന്നതാണ്.
- ജില്ലാ തല വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റിൽ നിന്നും പ്രതിവാര റിപ്പോർട്ട് വാങ്ങി പരിശോധിച്ച് സംസ്ഥാന തല വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റ് മുഖാന്തിരം പ്രോജക്ട് മാനേജ്മെന്റ് & മോണിറ്ററിങ് യൂണിറ്റ് -ന് സമർപ്പിക്കുക.

**IV. ജില്ലാ തല വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റ്**

| | | |
|---|---|---|
| 1 | ജില്ലാ ജോയിന്റ് ഡയറക്ടർ, LSGD | ചെയർമാൻ |
| 2 | ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർ | കൺവീനർ |
| 3 | ജില്ലാ കോ-കോർഡിനേറ്റർ | കോ-കൺവീനർ |
| 4 | എക്സിക്യൂട്ടീവ് എഞ്ചിനിയർ, LSGD | അംഗം |
| 5 | ജോയിന്റ് ഡയറക്ടർ ഓഫീസിലെ വേസ്റ്റ് മാനേജ്മെന്റ് ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർ | അംഗം |
| 6 | ജില്ലാ കോർഡിനേറ്റർ, കുടുംബശ്രീ | അംഗം |
| 7 | ഡെപ്യൂട്ടി ഡിസ്ട്രിക്ട് കോർഡിനേറ്റർ, KSWMP | അംഗം |
| 8 | ജില്ലാ മാനേജർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | അംഗം |
| 9 | ശുചിത്വ മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ, SWM | അംഗം |
| 10 | ടെക്നിക്കൽ കൺസൾട്ടന്റ് , ശുചിത്വ മിഷൻ | അംഗം |
| 11 | പ്രോഗ്രാം ഓഫീസർ, ശുചിത്വ മിഷൻ | അംഗം |
| 12 | *എൻവിറോൺമെന്റ് എഞ്ചിനിയർ, KSWMP* | അംഗം |
| 13 | *ജില്ലാ ടെക്നിക്കൽ ഓഫീസർ IKM (ഹരിതമിത്രം)* | അംഗം |
| 14 | കില ഫെസിലിറ്റേറ്റർ | അംഗം |
| 15 | RGSA കോഡിനേറ്റർ | അംഗം |
| 16 | സാങ്കേതികമായി സംഭാവന ചെയ്യാൻ പറ്റുന്ന 2-3 റിസോർസ് പേഴ്സൺ/ യങ് പ്രൊഫഷണൽ | അംഗം |

<u>ചുമതലകൾ</u>

- പ്രോജക്റ്റ് മാനേജ്മെന്റ് & മോണിറ്ററിങ് യൂണിറ്റ് , സംസ്ഥാന തല വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റ് എന്നിവയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങളുടെ അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതികവും സംഘടനാപരവുമായ പിന്തുണ, മേൽനോട്ടം ഏകോപനം, അവലോകനം, പരിഹാരം നിർദ്ദേശിക്കൽ
- പ്രോജക്റ്റുകൾക്ക് സമയബന്ധിതമായ സാങ്കേതികാനുമതി(TS )ലഭ്യമാക്കൽ, സാങ്കേതിക സഹായം ഉറപ്പാക്കൽ, നിർവഹണ പുരോഗതി ഉറപ്പാക്കൽ എന്നിവ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ മാലിന്യ പരിപാലന സെല്ലുമായി ചേർന്ന് നിർവ്വഹിക്കുക
- ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും വേസ്റ്റ് മാനേജ്മന്റ് പ്രവർത്തനം സംബന്ധിച്ച പ്രതിദിന റിപ്പോർട്ടു വാങ്ങി പരിശോധിച്ചു പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ മാലിന്യ പരിപാലന സെല്ലിന് പ്രതിവാര സമാഹൃത റിപ്പോർട്ടായി സമർപ്പിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ പ്രൊജെക്ടുകളുടെ നിർവഹണത്തിനും സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും പുരോഗതി ഉറപ്പാക്കുന്നതിനും ശുചിത്വ മിഷൻ RP/YP, കില ബ്ലോക്ക് കോർഡിനേറ്റർ, കില RP എന്നിവർക്ക് ചുമതല നൽകി പ്രവർത്തനം ഉറപ്പാക്കൽ
- ഇതിലേക്ക് നിയോഗിക്കുന്ന റിസോർസ് പേഴ്സൺമാർക്കുള്ള യാത്രാപ്പടി / ഹോണറേറിയം JD യുടെ നേതൃത്വത്തിലുള്ള ജില്ലാ വേസ്റ്റ് മാനേജ്മന്റ് സെക്രട്ടറിയേറ്റിന് മീറ്റിങ്ങുകൾ നടത്തുന്നതിന് ആവശ്യമായ ചിലവ് എന്നിവ പരാമർശം (4) പ്രകാരം അതാത് ഏജൻസികൾ നൽകേണ്ടതാണ്.
- KSWMP യുടെ ടെക്നിക്കൽ ടീമിന്റെ സേവനം നഗരസഭകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.
- ജില്ലാ വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റ് ആഴ്ചതോറും പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുരോഗതി റിപ്പോർട്ട് സ്പെഷ്യൽ സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതുമാണ് .
- ഇതിൽ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്രിൻസിപ്പൽ ഡയറക്ടറുടെ കീഴിലെ മാലിന്യ പരിപാലന സെല്ലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് യഥാസമയം തന്നെ പരിഹരിക്കേണ്ടതാണ്.

ഈ ഉത്തരവിലെ ഖണ്ഡിക 2(III) പ്രകാരമുള്ള ഘടനയിൽ, ജീവനക്കാരെ ഉൾപ്പെടുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിച്ച്, പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റ് നിലവിൽ വരുത്തുന്നതിനുള്ള അടിയന്തര നടപടി പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്റ്റ് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ, കില

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ,(വെബ് & മീഡിയ), I&PRD
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
സെക്ഷൻ ഓഫീസർ
Date: 08-01-2025 13:25:11

പകർപ്പ് :-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്